നികുതി ചോർച്ച

71 (5876) ശ്രീ. വർക്കല കഹാർ :

ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. പി. മാധവൻ :

ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നികുതി ചോർച്ച തടയുന്നതിന് വാണിജ്യ നികുതി വകുപ്പിൽ എന്തെല്ലാം പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട് ;

(ബി) ഇതിനായി എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) നികുതിനിർണ്ണയം ഊർജ്ജിതമാക്കുന്നതിന് റിട്ടേൺ സ്ക്രൂട്ടിനി ശക്തമാക്കി കൂടുതൽ വ്യാപാരികളെ നികുതി നിർണ്ണയ പരിധിയിൽ കൊണ്ടുവരുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് പരീക്ഷണാടിസ്ഥാനത്തിൽ അമരവിളയിൽ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്.

അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിനകത്തേക്കുവരുന്ന ചരക്കുകളുടെ വിശദാംശങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു ഇതുപ്രകാരം സംസ്ഥാനത്തിനകത്തേക്കുവരുന്ന സാധനങ്ങൾ വ്യാപാരികൾ അവരുടെ റിട്ടേണിൽ കാണിച്ചിട്ടുണ്ടോ എന്നത് പെട്ടെന്ന് ഒത്തുനോക്കാൻ കഴിയും. ആഢംബര നികുതി, കാർഷികദായ നികുതി, മണിലെന്റേഴ്സ് നിയമം എന്നിവയിലുള്ള റിട്ടേണുകളും ഓൺലൈനാക്കിയിട്ടുണ്ട്.

ചെക്ക്പോസ്റ്റുകളുടേയും വാണിജ്യ നികുതി ഇന്റലിജൻസ് വിഭാഗത്തിന്റേയും പ്രവർത്തനം സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുകയും തദ്വാരാ നികുതി വെട്ടിപ്പ് പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

നികുതി ചോർച്ച പ്രകടമായി അനുഭവപ്പെടുന്ന സെക്ടറുകളിൽ ഇന്റലിജൻസ് വിംഗ് വിശദാംശങ്ങൾ ശേഖരിച്ചശേഷം കട പരിശോധന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടെയിൻ, ലക്ഷ്വറി ബസ് എന്നിവയിലൂടെയുള്ള ചരക്ക് കടത്ത് ഫലപ്രദമായി തടയുന്നതിനായി ഈ മേഖലയിൽ പരിശോധന ശക്തിപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly